## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3832      17/10/2011 ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് സൈക്കിൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ<br>" ബാബു എം. പാലിശ്ശേരി<br>" സി. കൃഷ്ണൻ<br>" കെ. കുഞ്ഞിരാമൻ (ഉദുമ) | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാൻ തീരുമാനിച്ചിരുന്നോ; | (എ) (ബി) & (സി) | തീരുമാനിച്ചിരുന്നു. സൈക്കിൾ വാങ്ങുന്നതിലേക്കായി ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ ആദ്യം സോഷ്യൽ സെക്യൂരിറ്റിമിഷനെയും പിന്നീട് വകുപ്പ് ഡയറക്ടറെയും ചുമതലപ്പെടുത്തിയിരുന്നു. ടെണ്ടർ നടപടികളിൽ ചില ആക്ഷേപങ്ങൾ ഉയർന്നുവന്നതിനെ തുടർന്നു സർക്കാർ ടെണ്ടർ നടപടികൾ റദ്ദ് ചെയ്യുകയും 12.9.11 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 874/11/പജപവവിവ പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എട്ടാംക്ലാസിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 3000 രൂപ വീതം നല്കുന്നതിന് സർക്കാർ ഉത്തരവാകുകയും ചെയ്തു. അതിൻ അപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ തീരുമാനം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണിതിനകം സ്വീകരിച്ചിട്ടുള്ളത്; | | |
| (സി) | സൈക്കിൾ വാങ്ങുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടുണ്ടോ; എത്ര ടെണ്ടറുകൾ ലഭിക്കുകയുണ്ടായി; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ; ഇതിന്മേൽ എന്തു തീരുമാനം കൈക്കൊണ്ടു; | | |
| (ഡി) | മൊത്തം എത്ര സൈക്കിളുകൾ വാങ്ങാനായിരുന്നു തീരുമാനിച്ചിരുന്നത്; | (ഡി) | 6224 സൈക്കിളുകൾ. |
| (ഇ) | ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും നടപടി കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; എങ്കിൽ സാഹചര്യം എന്തായിരുന്നു ? | (ഇ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നടപടികളൊന്നും കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ